വ്യവസായവകുപ്പമന്ത്രിയുടെ മുമ്പാകെ 62 കേസുകൾ അവതരിപ്പിക്കുകയും 46 കേസുകളിൽ തീരുമാനം കൈക്കൊള്ളുകയും ചെയ്തു. കോട്ടയം ജില്ലയിൽ 19-7-2021-നാണ് 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി സംഘടിപ്പിച്ചത്. പ്രസ്തുത പരിപാടിയിൽ 94 അപേക്ഷകൾ ഇ-മെയിൽ ആയും നേരിട്ടും ജില്ലാ വ്യവസായ കേന്ദ്രത്തിൽ ലഭിക്കുകയുണ്ടായി. ഇതിൽ 44 പരാതികൾക്ക് യോഗത്തിൽ പൂർണ പരിഹാരം ഉണ്ടായി. കൂടാതെ മീറ്റിംഗിൽ തത്സമയം 35 പരാതികൾ ലഭിച്ചു. പൂർണ്ണ പരിഹാരം ലഭിച്ച പരാതികളൊഴികെ ബാക്കി പരാതിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനായി അതാത് വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും നിർദേശം നൽകിയിട്ടുണ്ട്. 'മീറ്റ് ദ മിനിസ്റ്റർ' പരിപാടി പരിപൂർണ്ണ വിജയമാണെന്ന് വിലയിരുത്തിയിട്ടുള്ളതിനാൽ മറ്റ് ജില്ലകളിലും തുടരുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

## നികുതി വരുമാനം വർദ്ധിപ്പിക്കാൻ നടപടി

26 (*176) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയപ്പോൾ ഉപഭോക്തൃ സംസ്ഥാനമായിട്ടും കേരളത്തിന്റെ നികുതിവരുമാനത്തിൽ കുറവുണ്ടായത് നികുതി ഭരണ സംവിധാനത്തിലെ കെടുകാര്യസ്ഥതയും അഴിമതിയും മൂലമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം ഗൗരവമായി കാണുന്നുണ്ടോ?

ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് ജി.എസ്.ടി. നികുതി നിരക്കുകളിൽ ജി.എസ്.ടി. കൗൺസിൽ പല ആവശ്യങ്ങൾ പരിഗണിച്ച് ഗണ്യമായ കുറവ് വരുത്തുകയുണ്ടായി. കൂടാതെ ജി.എസ്.ടി. വിഭാവന ചെയ്ത തരത്തിൽ പൂർണമായ റിട്ടേൺ നടപ്പിലാക്കാത്തത് ഐ.ജി.എസ്.ടി.-യെ സംബന്ധിച്ചുള്ള കൃത്യമായ വിവരങ്ങൾ ലഭിക്കുന്നതിന് തടസ്സമായി.

(ബി) പരോക്ഷ നികുതികളുടെ ചരിത്രത്തിൽത്തന്നെ ഏറ്റവും കൂടുതൽ സർവീസ് ടാക്സ് പിരിക്കാനുള്ള അവസരം കൈവന്നിട്ടും സർവീസ് മേഖലയിൽ പുതിയ വരുമാന സ്രോതസ്സുകൾ കണ്ടെത്തുന്നതിലും നികുതി വെട്ടിപ്പ് തടയുന്നതിലും പരാജയപ്പെട്ടതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനുള്ള കാരണങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

LIBRARY ARCHIVES Kerala Legislative Assembly

സർവീസ് ടാക്സ് സപ്ലൈയേഴ്സിനെ സംബന്ധിച്ച് സർവ്വേകൾ നടത്തുകയും ടാക്സ് നെറ്റിൽ ചേർക്കുന്നതിനുള്ള നടപടികളെടുക്കുകയും ചെയ്തിട്ടുണ്ട്.

(സി) സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിപ്പിക്കുക എന്ന മുഖ്യലക്ഷ്യം നടപ്പാക്കുന്നതിനായി നികുതി ഭരണസംവിധാനം കാര്യക്ഷമമായി പുനഃസംഘടിപ്പിക്കാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

സംസ്ഥാന നികുതി വരുമാനത്തിന്റെ ഗണ്യമായ അംശം നൽകുന്ന വകുപ്പാണ് സംസ്ഥാന ചരക്ക സേവന നികുതി വകുപ്പ്. പുതിയ നികുതി സംവിധാനം നടപ്പിലായതോടെ നികുതി ഭരണ സംവിധാനത്തിനും കാതലായ മാറ്റങ്ങൾ അനിവാര്യമാണ്. ഈ പശ്ചാത്തലത്തിൽ നികുതി സംവിധാനത്തിനും അതിന്റെ നിർവ്വഹണത്തിനും ഉതകുന്ന തരത്തിൽ ഘടനാപരമായ മാറ്റങ്ങൾ വരുത്തി വരുമാനമാർഗം ശക്തിപ്പെടുത്തുന്നതിനായി വകുപ്പ് പുനഃസംഘടനയുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**വ്യവസായ പാർക്കുകൾ**

27 (*177) ശ്രീമതി ഒ. എസ്. അംബിക:
ഡോ. കെ. ടി. ജലീൽ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) സദയം മറുപടി നൽകുമോ;

(എ) നിക്ഷേപം ആകർഷിക്കുന്നതിൽ വ്യവസായ പാർക്കുകളുടെ പ്രാധാന്യം കണക്കിലെടുത്ത് സംസ്ഥാനത്ത് കൂടുതൽ വ്യവസായ പാർക്കുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് നിലവിലുള്ള വ്യവസായ പാർക്കുകളുടെ സ്ഥിതി വ്യക്തമാക്കുമോ?

സംസ്ഥാനത്ത് വയനാട് ഒഴികെ മറ്റു ജില്ലകളിലായി ആകെ 40 വ്യവസായ വികസന പാർക്കുകൾ നിലവിലുണ്ട്. പ്രസ്തുത വ്യവസായ വികസന പാർക്കുകളിൽ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ സജ്ജീകരിച്ചിട്ടുണ്ട്. വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനമായ കിൻഫ്രയുടെ ഉടമസ്ഥതയിൽ സംസ്ഥാനത്ത് 25 വ്യവസായ പാർക്കുകൾ നിലവിലുണ്ട്. ടി പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി 22 എണ്ണത്തിൽ 90% അലോട്ട്മെന്റ് പൂർത്തീകരിക്കുകയും 3 എണ്ണത്തിൽ

LIBRARY ARCHIVES Kerala Legislative Assembly